പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. റ്റി. 1732 21/01/2014- ൽ മറുപടിക്ക്

അന്യസംസ്ഥാനത്തുനിന്നും കന്നുകാലികളുടെ അനധികൃതമായ കടത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുളമ്പുരോഗം വ്യാപകമായിട്ടും നിരോധനം മറികടന്ന് അന്യസംസ്ഥാനത്തുനിന്നും കന്നുകാലികൾ എത്തുന്നതായ വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. കർശന പരിശോധന നടത്തി രോഗം ഇല്ലാത്തവയെ മാത്രം കൊണ്ടു വരുന്നതിനായി 5 ചെക്ക് പോസ്റ്റുകൾ 09/01/14 മുതൽ നിബന്ധനകളോടെ തുറന്ന് കൊടുത്തിട്ടുണ്ട്. |
| ബി) കടത്തികൊണ്ടുവരുന്ന അറവുമാടുകൾ വിവിധ രോഗബാധയുള്ള താണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മുൻകരുതൽ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ; | ബി) തുറന്ന് കൊടുത്ത ചെക്ക് പോസ്റ്റുകളിൽ ഉരുക്കളെ പരിശോധിച്ച് രോഗമില്ലാത്തവയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുന്നത് കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമിളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ 5 ചെക്ക് പോസ്റ്റുകൾ വഴി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. |
| സി) രോഗമുള്ള അറവുമാടുകൾ എത്തുന്നത് തടയുന്നതിന്, രോഗബാധയുള്ള കന്നുകാലികളുടെ ഇറച്ചി വിൽപ്പന നടത്തുന്നില്ലായെന്നു ഉറപ്പുവരുത്തുവാൻ കർശന നടപടി സ്വീകരിക്കുമോ ? | സി) രോഗമുള്ള അറവുമാടുകൾ എത്തുന്നത് തടയുന്നതിന് നടപടി എടുത്തിട്ടുണ്ട്. രോഗബാധയുള്ള മൃഗങ്ങളുടെ ഇറച്ചി വിൽപ്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ